Rao Bahadur M. Narayana Menon *(Commissioner of Police)*: Yes.

മിസ്റ്റർ കെ. എസ്സ്". പണിക്കർ : മറ്റുള്ള രാജ്യങ്ങളിലും കൊല്ലന്തോറും പുതുക്കുന്ന ഏർപ്പാടാണോ ?

റാവുബഹദൂർ എം. നാരായണമേനോൻ : അതെ.

മിസ്റ്റർ കെ. എസ്സ്". പണിക്കർ : ലൈസൻസ്സിനുള്ള അപേക്ഷയിൽ വ്യ ണ. യുടെ സ്റ്റാമ്പ് ഒട്ടിക്കണമെന്ന് ഇപ്പോൾ നിശ്ചയിക്കുവാൻ വല്ല പ്രത്യേക കാരണവുമുണ്ടായിട്ടുണ്ടോ ?

റാവുബഹദൂർ എം. നാരായണമേനോൻ : അതന്വേഷിച്ചിട്ടില്ല.

മിസ്റ്റർ കെ എസ്സ്". പണിക്കർ : അന്നത്തെ പൊല്ലീസ്സ് കമ്മീഷണർ ആരായിരുന്നു ?

റാവുബഹദൂർ എം. നാരായണമേനോൻ : അന്വേഷിച്ചിട്ടില്ല. ആരായിരുന്നാലും വകുപ്പധ്യക്ഷന്മാർക്ക് ഹർജി അയക്കണമെങ്കിൽ വ്യ ണ. യുടെ സ്റ്റാമ്പ് ഒട്ടിക്കണം.

മിസ്റ്റർ കെ. എസ്സ്". പണിക്കർ : ഇപ്പോൾ വ്യ ണ. സ്റ്റാമ്പ് വേണ്ടെന്നു വെയ്ക്കുവാൻ ഓർഡർ അയച്ചിട്ടുണ്ടോ ?

റാവുബഹദൂർ എം. നാരായണമേനോൻ : ഇല്ല.

മിസ്റ്റർ ഇ. ഇക്കണ്ടവാര്യർ : ഇനിയെങ്കിലും ഈ കാര്യത്തിൽ ഒരു ഓർഡർ ഉണ്ടാക്കുവാൻ ദയവുണ്ടാകുമോ ?

റാവുബഹദൂർ എം. നാരായണമേനോൻ : അതിനെപ്പറ്റി ആലോചിച്ച് ഗവമ്മെണ്ടിൽ നിന്നു വേണ്ടിവന്നാൽ ഓർഡർ ചെയ്യിക്കാൻ നോക്കാം.

Mr. K. R. Viswambharan *(Ezhuvas-Talappalli)* : Have Government received any representation to the effect that the fee now levied is exorbitant ?

Rao Bahadur M. Narayana Menon *(Commissioner of Police)*: No. തിരുവിതാംകൂറിൽ ക്ല ാ ക. യാണ് ലൈസൻസ്സിനു". ഇവിടെ ൫ ക. യേയുള്ളൂ.

Mr. President: I think, if there is a license fee, to ask for a stamp on the petition for renewal in addition to the license fee, is not proper. That will be practically enhancing the license fee. This matter should be looked into.

BANNING OF SOME PUBLICATIONS BY GOVERNMENT

116. മിസ്റ്റർ കെ. എസ്സ്". പണിക്കർ : താഴെപറയുന്ന ചോദ്യങ്ങൾക്കു" ഗവമ്മെണ്ടു" ദയവായി മറുപടിപറയാമോ.—

(എ) "സോഷ്യലിസം എന്തിനു"" എന്ന പുസ്തകവും "Holy land of Travancore and Fanatic Cochin by Swami Sadanandan" എന്ന പുസ്തകവും "മേയ്ദിനം"

LIBRARY ARCHIVES Kerala Legislative Assembly

"മേയ്ദിനംകൊണ്ടാടുക" എന്ന ലഘുലേഖകളും ഗവർമ്മെണ്ടിൽനിന്നു ബാൻ ചെയ്തിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്നാണെന്നു പറയാമോ?

റാവുബഹദൂർ എം. നാരായണമേനോൻ:

(എ) ഇല്ല.

(ബി) ഉത്തരം ആവശ്യമില്ല.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: കാട്ടൂർ ഗ്രാമോദ്ധാരണസംഘം സിക്രട്ടറി മിസ്റ്റർ സി. കെ. കൃഷ്ണന്റെ വീട്ടിൽ നിന്നു ഈ വക ലക്ഷ്യങ്ങളും ഇരിങ്ങാലക്കുട പൊല്ലീസ്സ് ഇൻസ്പെക്ടർ എടുത്തുകൊണ്ടുപോയതു് പിന്നെ എന്തിനാണു്?

റാവുബഹദൂർ എം. നാരായണമേനോൻ: മറ്റു കേസ്സിനെ സംബന്ധിച്ചുള്ള തെളിവിനാണു്?

മിസ്റ്റർ കെ. എസ്സ്. പണിക്കർ: അയാളുടെ പേരിൽ വല്ല കേസുമുണ്ടോ?

റാവുബഹദൂർ എം. നാരായണമേനോൻ: വേറെ ആളുടെ പേരിലുള്ള ഒരു കേസ്സിനാണു്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: എന്തിനെ പറ്റിയുള്ള കേസ്സാണതു്?

റാവുബഹദൂർ എം. നാരായണമേനോൻ: ഡിഫൻസ് ആഫ് ഇൻഡ്യാ ആക്ടു് പ്രകാരമുള്ളതാണു്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: വളരെ വില പിടിക്കുന്ന പുസ്തകങ്ങളൊക്കെ ഇതുപോലെ എടുത്തു കൊണ്ടുപോയാൽ വിഷമമാണു്.

റാവുബഹദൂർ എം. നാരായണമേനോൻ: അതൊക്കെ എടുത്തുകൊണ്ടുപോയാൽ പൊലീസുകാർ വിഴുങ്ങുകയില്ല. അവർ കോടതിയിൽ ഹാജരാക്കും.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: പുസ്തകം വിഴുങ്ങൽ എന്നു തുടങ്ങി? ഇതു കോടതിയിൽ നിന്നു മടക്കി കിട്ടുമോ?

റാവുബഹദൂർ എം. നാരായണമേനോൻ: നിയമാനുസരണം പ്രവൃത്തിച്ചാൽ കിട്ടും.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: നിയമാനുസരണം പ്രവൃത്തിക്കേണ്ടതു് എങ്ങിനെയാണു്?

മിസ്റ്റർ എം. ശിവരാമമേനോൻ: മജിസ്ട്രേട്ടുകോട്ടിൽ മടക്കി കിട്ടണമെന്നു അപേക്ഷിച്ചാൽ കിട്ടുന്നതാണു്.

Mr. President: That does not arise. The question is only about the banning of certain publications.

മിസ്റ്റർ പി. കെ. കൃഷ്ണൻ: ഈ വക അന്യായങ്ങളും എങ്ങിനെ ഉണ്ടായതാണു്?

LIBRARY ARCHIVES Kerala Legislative Assembly

റാവുബഹദൂർ എം. നാരായണമേനോൻ : ഇതിൽ പത്തെണ്ണം കണ്ടുപിടിച്ചുകൊണ്ടുവന്നിട്ടുള്ള കള്ളക്കേസാണ്. ഒമ്പതെണ്ണം രാജിയായിരിക്കുന്നു. നാലെണ്ണം കോടതിയിൽ ചാർജ്ജ് ചെയ്തിട്ടുണ്ട്. ബാക്കി മൂന്നെണ്ണം അന്വേഷിച്ചുകൊണ്ടിരിക്കുന്നു.

Mr. K. R. Viswambharan *(Ezhuvas-Talappalli):* Are these books actually produced in a court-of-law as exhibits?

Rao Bahadur M. Narayana Menon *(Commissioner of Police):* Whatever that is recovered has to be produced in the court and they are being produced.

Mr. President: If somebody has got a costly book, you don't simply go and take it for your use? *(Laughter).*

NALLEPPALLI—POLICE BEAT IN

117. മിസ്റ്റർ എൻ. വി. സുബ്ബരായൻ ചെട്ടിയാർ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ഗവൺമെണ്ടു ദയവായി മറുപടി പറയുമോ.—

(എ) ചിറക്കരിൽനിന്നും കൊഴിഞ്ഞാമ്പാറയിൽനിന്നും നല്ലേപ്പിള്ളിക്കു പോലീസ് ബീറുണ്ടായിരുന്നതു് ഇപ്പോൾ നിലവിലുണ്ടോ;

(ബി) പോലീസ് ബീറു് രാത്രിയോ പകലോ;

(സി) പോലീസ് ബസ്സിൽ വന്നു് ബസ്സിൽ പോകുന്നതല്ലാതെ വല്ല കളവുകളും തുമ്പുണ്ടാക്കാറുണ്ടോ;

(ഡി) ചില്ലറ കളവുകൾ ഇടയിടെയായി വർദ്ധിച്ചുവരുന്നതിനാൽ അതിനെ നിർത്തൽചെയ്യാൻ ദിവസവും രാത്രി ബീറു് നല്ലേപ്പിള്ളിക്കു നടപ്പിലാക്കുവാൻ ഗവൺമെണ്ടിനു കരുണയുണ്ടാകുമോ?

റാവുബഹദൂർ എം. നാരായണമേനോൻ :

(എ) ഉണ്ടു്.

(ബി) പകലാണു്.

(സി) ബീറുപോലീസുകാർ ബസ്സിൽ പോകാറില്ല. കളവുകേസുകൾ തുമ്പുണ്ടാക്കാറുണ്ടു്.

(ഡി) ചില്ലറ കളവുകളെപ്പറ്റി യാതൊരു ആക്ഷേപവും കിട്ടിയിട്ടില്ല. ആക്ഷേപം കിട്ടിയാൽ വേണ്ട നടപടി നടത്തുകയും ആവശ്യമെന്നു തോന്നുന്ന അവസരങ്ങളിൽ രാത്രി ബീറും സ്പെഷ്യൽ പെട്രോളും അയക്കുകയും ചെയ്യുന്നതാണു്.

DEPRESSED CLASSES—MOLESTATION OF—COMPLAINTS REGARDING

118. മിസ്റ്റർ പി. കെ. കൃഷ്ണൻ : താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവൺമെണ്ടു ദയവുചെയ്തു മറുപടി പറയുമൊ.—

(എ) 1121 മേടം ആദ്യം മുതൽ 1122 കന്നി അവസാനംവരെ സ്റ്റോറിൽ എത്ര അധഃകൃതമർദ്ദനകേസ്സുകൾ ഉണ്ടായതായി പൊല്ലീസിന്നു് അറിവു കിട്ടിട്ടുണ്ടു്;

LIBRARY ARCHIVES Kerala Legislative Assembly